**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

No.10/MGNSASK/2024 Date: 23.12.2024

To
ശ്രീമതി.ആദില എസ്
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ,
പത്തനംതിട്ട ജില്ല

പ്രിയ സുഹൃത്തേ,

പത്തനംതിട്ട ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ 600/- രൂപ (അറുന്നൂറ് രൂപ) ദിവസവേതനാടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഏതാനും ഒഴിവുകളുണ്ട്. ഇതിനകം അപേക്ഷകൾ ക്ഷണിച്ചിരുന്നു എങ്കിലും ആവശ്യമായ അപേക്ഷകൾ ഇല്ലാത്ത പക്ഷം പുനർവിജ്ഞാപനം ചെയ്യുന്നു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാസ്റ്റർ സർക്കുലർ അനുസരിച്ച് സ്വയം സഹായ സംഘങ്ങളിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി പരിശീലനം നൽകി വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിന് കഴിയും. ബിരുദമാണ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ അടിസ്ഥാന യോഗ്യത. എന്നാൽ കമ്പ്യൂട്ടർ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. കുടുംബശ്രീ ഓക്സിലയറി ഗ്രൂപ്പിൽ അംഗങ്ങളായ ബിരുദധാരികളിൽ നിന്നും മറ്റ് സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് യോഗ്യരായവരെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി തെരഞ്ഞെടുക്കാൻ കഴിയും. അതോടൊപ്പം മുൻകാല ജനപ്രതിനിധികളായ ബിരുദധാരികളായവരെയും ഇതിലേക്കായി പരിഗണിക്കുന്നതാണ്. അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 35 വയസ്സാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രായപരിധിയിൽ 6 വർഷത്തെ പ്രത്യേക ഇളവ് അനുവദിക്കുന്നതാണ്.

വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ **അപേക്ഷ ഫോറത്തിന്റെ ഗൂഗിൾ ഫോറം ലിങ്ക് ഈ മെയിലിനോടൊപ്പം കൂട്ടിച്ചേർക്കുന്നു**. പ്രസ്തുത ലിങ്ക് ഉപയോഗിച്ച് അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക. യോഗ്യരായ ഉദ്യോഗാർത്ഥികൾ **2025 ജനുവരി 10 നകം** അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോറം പത്തനംതിട്ട ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ സി.ഡി.എസ് ചെയർപേഴ്സൺമാർക്കും എ.ഡി.എസ് പ്രസിഡന്റ് മാർക്കും അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Link: https://forms.gle/FKH7ZxNaZfohGTZ19

വിശ്വസ്തതയോടെ,

ഡോ. എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി: 1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
2. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
3. ജില്ലാ റിസോഴ്സ് പേഴ്സൺ പത്തനംതിട്ട
4. സ്റ്റോക്ക് ഫയൽ